**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2826** **10-03-2025 - ൽ മറുപടിയ്ക്ക്**

**കുട്ടികൾക്ക് പോഷകാഹാര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ നഗറുകളിലെ കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികവർഗ്ഗ നഗറുകളിലെ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**ജനനി ജന്മരക്ഷ പദ്ധതി**<br><br>പട്ടികവർഗ്ഗക്കാരായ ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജനനി ജന്മരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ ഗർഭാവസ്ഥയുടെ മൂന്നുമാസം മുതൽ കുട്ടിക്ക് ഒരു വയസ് തികയുന്നതുവരെ 18 മാസത്തേക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ സമയബന്ധിതമായ സാമ്പത്തിക സഹായം നൽകി വരുന്നു.<br><br>**കമ്മ്യൂണിറ്റി കിച്ചൺ**<br><br>പാലക്കാട് ജില്ലയിലുള്ള അട്ടപ്പാടി ബ്ലോക്കിൽ അഗളി, ഷോളയൂർ, പുതൂർ എന്നീ മൂന്ന് പഞ്ചായത്തുകളിലെ ഊരുകൾ കേന്ദ്രീകരിച്ച് 2013 മുതൽ കമ്മ്യൂണിറ്റി കിച്ചണുകൾ നടന്നുവരുന്നു. 2013-ലുണ്ടായ ശിശു മരണത്തിന്റെ പശ്ചാത്തലത്തിൽ പോഷകാഹാര ലഭ്യത ഉറപ്പാക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചണുകൾ 2014 ഡിസംബർ മുതൽ കുടുംബശ്രീ വഴിയാണ് നടപ്പിലാക്കി വരുന്നത്. വനിത ശിശുക്ഷേമ വകുപ്പും, പട്ടികവർഗ്ഗ വികസന വകുപ്പും ചേർന്ന് 60 : 40 എന്ന അനുപാതത്തിലാണ് കമ്മ്യൂണിറ്റി കിച്ചണുകളുടെ പ്രവർത്തനത്തിന് കുടുംബശ്രീക്ക് ഫണ്ട് നൽകിവരുന്നത്.<br><br>ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ആറുമാസം മുതൽ 12 വയസുവരെയുള്ള കുട്ടികൾ, കൗമാരക്കാരായ കുട്ടികൾ, മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, കിടപ്പ് രോഗികൾ, വൃദ്ധർ, വിധവകൾ എന്നിവരാണ് കമ്മ്യൂണിറ്റി കിച്ചന്റെ ഗുണഭോക്താക്കൾ. 2021-22 സാമ്പത്തിക വർഷം 1.78 കോടി രൂപയും 2022-23 സാമ്പത്തിക വർഷം 2.9 കോടി രൂപയും കോർപ്പസ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.<br><br>**ഫുഡ് സപ്പോർട്ട് പദ്ധതി**<br><br>പട്ടികവർഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പട്ടികവർഗ മേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. മൺസൂൺ, പ്രകൃതിക്ഷോഭങ്ങൾ, അത്യാഹിതങ്ങൾ തുടങ്ങി പട്ടികവർഗക്കാർക്കു തൊഴിൽ ഇല്ലാത്ത സമയങ്ങളിൽ അവർക്കു പോഷകാഹാരവും ഭക്ഷ്യസുരക്ഷയും ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു. ഭക്ഷ്യധാന്യങ്ങൾ ഓരോ ഗോത്ര പ്രദേശത്തെയും ഭക്ഷണ രീതിയും അഭിരുചികളും മുൻഗണനകളും അടിസ്ഥാനമാക്കി ബന്ധപ്പെട്ട പി.ഒ/ടി.ഡി.ഒ തലത്തിൽ തീരുമാനിക്കുന്നതാണ്. വിധവകൾ കുടുംബനാഥയായുള്ള കുടുംബങ്ങൾക്കും അവിവാഹിതരായ അമ്മമാർക്കും പ്രത്യേക മുൻഗണന നൽകുന്നതാണ്. പട്ടികവർഗ അംഗങ്ങളുടെ വിളർച്ചയും പോഷകാഹാരക്കുറവും കണക്കിലെടുത്തും, ഗർഭിണികൾ, |

മുലയൂട്ടുന്ന അമ്മമാർ, സിക്കിൾസെൽ അനീമിയ രോഗികളുള്ള കുടുംബങ്ങൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകിയാണ് ഭക്ഷ്യ വസ്തുക്കൾ തെരഞ്ഞെടുക്കുന്നത്.

പട്ടികവർഗ കുടുംബങ്ങൾക്ക് ഓണം/പ്രത്യേക ആഘോഷങ്ങളുള്ള അവസരങ്ങളിൽ ഭക്ഷണ പായ്ക്കറ്റുകൾ വിതരണം ചെയ്യൽ, പ്രകൃതി ദുരന്തമുണ്ടാകുന്ന അവസരങ്ങളിൽ പ്രത്യേക ഭക്ഷണ പാക്കറ്റുകൾ നൽകുന്നതിനും, കുടുംബശ്രീയും മറ്റ് അംഗീകൃത ഏജൻസികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കമ്മ്യൂണിറ്റി കിച്ചന് വേണ്ട തുകയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. പോഷകാഹാരക്കുറവുള്ള കുട്ടികൾ, അമ്മമാർ, കിടപ്പുരോഗികൾ, വൃദ്ധജനങ്ങൾ എന്നിവർക്കുള്ള പോഷകാഹാര വിതരണവും ടി പദ്ധതി പ്രകാരം നടപ്പിലാക്കുന്നുണ്ട്. അട്ടപ്പാടി പട്ടികവർഗമേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് സംബന്ധിച്ച് പ്രത്യേക ശ്രദ്ധ നൽകുകയും, വിവിധ പദ്ധതികൾ പ്രകാരം പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്ന റാഗി, ചോളം, പയർ, പച്ചക്കറികൾ തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങൾ പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തി പട്ടികവർഗക്കാർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു. അതിദാരിദ്ര്യം സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് മുൻഗണന നൽകി വരുന്നു.

(ബി) നിലവിലെ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷവും എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

(ബി) നിലവിലെ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ജനനി ജന്മരക്ഷ | | ഫുഡ് സപ്പോർട്ട് പദ്ധതി | |
|---|---|---|---|---|---|
| | | ബജറ്റ് | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ബജറ്റ് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
| 1 | 2021-22 | 2650 | 2649.98 | 2500 | 2146 |
| 2 | 2022-23 | 1650 | 1646.19 | 2500 | 2198 |
| 3 | 2023-24 | 1700 | 1173.45 | 2500 | 1257 |
| 4 | 2024-25 (നാളിതുവരെ) | 1700 | 1645.53 | 2500 | 1889 |

സെക്ഷൻ ഓഫീസർ